**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3361** **11-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കുട്ടിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് പട്ടയം നൽകി ഭൂമി അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്; ഇതിൽ എത്ര അപേക്ഷകൾക്ക് പട്ടയം നൽകി ഭൂമി അനുവദിച്ചിട്ടുണ്ട്; പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിലെ കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനായി 20.11.2008 ലെ ജി.ഒ.(എം.എസ്)394/2008/റവ നമ്പർ ഉത്തരവു പ്രകാരം ഭൂമി വിതരണത്തിന് അപേക്ഷ ക്ഷണിച്ചിരുന്നതാണ്. ആയത് പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നിന്ന് യോഗ്യരായി കണ്ടെത്തിയവരിൽ ഒന്നാം ഘട്ടത്തിൽ 770 പേർക്ക് 10 സെന്റ് വീതവും രണ്ടാം ഘട്ടത്തിൽ 2300 പേർക്ക് 5 സെന്റ് വീതവും ഭൂമി 2009 ൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>തിരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പതിവ് നടപടികൾ നടന്നുവരവേ, അന്വേഷണങ്ങളുടെ ഭാഗമായി നടപടികൾ നിലച്ചു പോയതിനാൽ പതിവ് നടപടി പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല. നാളത് പട്ടയ നടപടികൾ പുനരാരംഭിച്ചിട്ടുള്ളതും സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ബാക്കിയുള്ള അപേക്ഷകൾക്ക് പട്ടയം നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിലെ കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനായി 20.11.2008 ലെ ജി.ഒ.(എം.എസ്)394/2008/റവ നമ്പർ ഉത്തരവു പ്രകാരം ഭൂമി വിതരണത്തിന് അപേക്ഷ ക്ഷണിച്ചിരുന്നതാണ്. ആയത് പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നിന്ന് യോഗ്യരായി കണ്ടെത്തിയവരിൽ ഒന്നാം ഘട്ടത്തിൽ 770 പേർക്ക് 10 സെന്റ് വീതവും രണ്ടാം ഘട്ടത്തിൽ 2300 പേർക്ക് 5 സെന്റ് വീതവും ഭൂമി 2009 ൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>തിരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പതിവ് നടപടികൾ നടന്നുവരവേ, |

| | | | |
|---|---|---|---|
| | | | അന്വേഷണങ്ങളുടെ ഭാഗമായി നടപടികൾ നിലച്ചു പോയതിനാൽ പതിവ് നടപടി പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല. നാളത് പട്ടയ നടപടികൾ പുനരാരംഭിച്ചിട്ടുള്ളതും സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | പട്ടയം ലഭിച്ചിട്ടും വീട് വയ്ക്കാൻ സാധിക്കാത്ത രീതിയിലുള്ള ഭൂമി ലഭിച്ച അപേക്ഷകരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | 14.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)3301/2023/RD നമ്പർ ഉത്തരവിനെ തുടർന്ന് കുറ്റിയാർവാലിയിൽ അനുവദിച്ച പ്ലോട്ടുകൾ സർവ്വേ ചെയ്തു വിതരണം നടത്തുന്നതിനും, കക്ഷികൾക്ക് പ്ലോട്ടുകൾ മാറ്റിനൽകുന്നതിനും മറ്റുമായി ദേവികുളം സബ്കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പട്ടയ വിതരണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | പട്ടയ വിതരണം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കെ.ഡി.എച്ച് വില്ലേജിലെ ഡിജിറ്റൽ സർവ്വേ നടപടികളിൽ കുറ്റിയാർവാലി പ്രദേശത്തിന് പ്രത്യേക പരിഗണന നൽകി ടി പ്രദേശത്ത് സർവ്വേ നടപടികൾ ആരംഭിക്കുന്നതിനും റിക്കാർഡുകൾ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കെ.ഡി.എച്ച് വില്ലേജിലെ ഡിജിറ്റൽ സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ